കറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം

316(3241) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u> .

(എ&ബി) കറ്റ്യാടി ഡയാലിസിസ് കേന്ദ്രത്തിന് കെട്ടിടം പണിയുന്നതിനായി അനുവദിച്ച ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്രൊജക്ട് റിപ്പോർട്ടും തയ്യാറായിട്ടില്ല. ഡയാലിസിസ് കേന്ദ്രത്തിൽ ഉൾപ്പെടുത്തേണ്ട സൗകര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ റെസ്റ്റ് ഹൗസുകളിലെ ദിവസ വേതനക്കാർ

317(3242) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, നാദാപുരം, പേരാമ്പ്ര, കറ്റ്യാടി, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനം ലഭിക്കാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ; എന്നത്തേയ്ക്ക് ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഉച്ചമായ ശമ്പളം ലഭിക്കുന്ന ഇത്തരം വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാത്തതിനാൽ ജീവനക്കാർ അനുഭവിക്കുന്ന കഷ്ടതകൾ സർക്കാർ കാണുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൊയിലാണ്ടി റെസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് ഒക്ടോബർ, നവംബർ മാസത്തേയും മറ്റ റെസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഒക്ടോബർ അവസാന പകുതിയും നവംബർ മാസത്തെ കുടിശ്ശികയുമാണ് കൊടുക്കുവാനുള്ളത്. നാല സെക്ഷനാഫീസുകളുടേയും ചുമതലവഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും കാഷ്വൽ ലേബർ റോൾ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഇത്തരം ജീവനക്കാരുടെ വേതനം കാലതാമസം കൂടാതെ നൽകുന്നതാണ്.

കോഴിക്കോട് മോണോറെയിൽ പദ്ധതി

318(T3243) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിയായ ബൊംബാർഡിയ എന്ന കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്യാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി തുക മാറ്റിവെച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനർ ദർഘാസിലൂടെ ലഭിച്ച ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഒറ്റ ടെൻഡർ ഡി.എം.ആർ.സി അവലോകനം ചെയ്ത് പരിശോധിച്ച ശേഷം നൽകിയ റിപ്പോർട്ടിൽ, എസ്റ്റിമേറ്റ് തുകയെക്കാൾ ഭീമമായ തുക നെഗോഷിയേഷനിലൂടെ കുറയ്ക്കാനുള്ള സാധ്യത വിദൂരമായതിനാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ടെൻഡർ നിരസിക്കുവാനാണ് ശിപാർശ ചെയ്തിട്ടുള്ളത്. മാത്രമല്ല, ക്വോട്ട് ചെയ്തിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയുടെ 150.87% ഉയർന്ന നിരക്കിലാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു